**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 01.12.2017 ലെ OA(Ekm) 1304/2017 നം. ഉത്തരവ് പാലിച്ച് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കണമെന്ന അനക്സർ എ 4 അപേക്ഷയിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 2955/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 21/11/2018**

---

പരാമർശം : 1. 08/08/1988 ലെ സ.ഉ(എം.എസ്) 42/88/പി&എ.ആർ.ഡി ഉത്തരവ്

2. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 01.12.2017 ലെ OA(Ekm) 1304/2017 നം. ഉത്തരവ്

3. പഞ്ചായത്ത് ഡയറക്ടറുടെ 12.02.2018 ലെ ഇ 14- 24598/17 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ. പ്രദീപ്.സി.പി യും മറ്റുള്ളവരും ചേർന്ന് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ (ഇകെഎം) 1304/2017 ൽ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അനക്സർ എ 4 നിവേദനം പരിഗണിക്കുവാനും അപേക്ഷകരേയോ അവരുടെ പ്രതിനിധികളെയോ നേരിൽ കേട്ടതിന് ശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശിച്ചിരുന്നു. പാലക്കാട് ജില്ലയിലെ വിവധ വകുപ്പുകളിൽ എൽ.ഡി.വി ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ് അപേക്ഷകർ. പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലുമായി 125 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മേൽ ഒഎ യിലെ 4-ാം അപേക്ഷകനായ ശ്രീ. സതീഷ്കുമാർ.പി സമർപ്പിച്ച 16.02.2017 ലെ നിവേദനമാണ് അനക്സർ എ 4.

ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പ്രകാരം അപേക്ഷകരെ നേരിൽ കേട്ടു. ഹിയറിംങ് വേളയിൽ അപേക്ഷകർ അനക്സർ എ 4 നിവേദനത്തിലെ ആവശ്യങ്ങൾ ആവർത്തിച്ചു. പാലക്കാട് ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിലവിൽ ആകെ 11 സ്ഥിരം ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളതെന്നും ആയതിൽ 2 ഒഴിവുകളാണ് നിലവിലുള്ളതെന്നും ടി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിച്ചിട്ടുള്ള സ്ഥലങ്ങളിൽ ഒഴിവുകളൊന്നും നിലവിലില്ല. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 5(iii) പ്രകാരം വാഹനം വാങ്ങുന്നതിന് അനുമതി നൽകുന്നതോടൊപ്പം തന്നെ ഡ്രൈവർ തസ്തികയും അനുവദിക്കുന്നതായിരിക്കുമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

എന്നാൽ സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തൽക്കാലം കഴിയുകയില്ല

മേൽ സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലുമായി 125 ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കണമെന്ന അനക്സർ എ4 നിവേദനത്തിലെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

ശ്രീ. പ്രദീപ്.സി.പി, s/o പുഷധരൻ, ചേക്കാട്ടുവേലിക്കാലം, എരമല്ലൂർ. പി.ഒ, ചേർത്തല, ആലപ്പുഴ - 688537

ശ്രീ. വിപിൻദാസ്.ടി.എച്ച്, തോപ്പിൽ ഹൗസ്, തുച്ചാട്ട്കുളം. പി.ഒ, ചേർത്തല - 688526

ശ്രീ. ഹക്കിം.എം.എ, s/o മുഹമ്മദ് അഷറഫ്, 16/360, ഹാജിറ മൻസിൽ, പറകുന്നം, പാലക്കാട്- 678001

ശ്രീ. സതീഷ്കുമാർ.പി, s/o സുബ്രമണ്യൻ, അഭിനവം, കോട്ടായി.പി.ഒ, പാലക്കാട്- 678572

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം ( ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(എ&ഇ)/(ആഡിറ്റ്), കേരള,** തിരുവനന്തപുരം.

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/130/2017-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ